## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4353 — 22-07-2015 ൽ മറുപടിയ്ക്ക്

## സർക്കാർ ഉത്തരവുകൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി

### ചോദ്യം

ശ്രീ.കെ.അജിത്

**(എ)** വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന എല്ലാ സർക്കാർ ഉത്തരവുകളും എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലും, വിഭാഗത്തിലും ഉൾപ്പെടുന്ന സർക്കാർ ഉത്തരവുകളാണ് എം.എൽ.എ. മാർക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ:

**(ബി)** ഏതെങ്കിലും വിഷയങ്ങളിൽ എം.എൽ.എ. മാർ ഉന്നയിച്ചതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട എം.എൽ.എ. മാർക്ക് നൽകണമെന്ന് ഉത്തരവുകളോ, സർക്കുലറുകളോ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

ശ്രീ.ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി

**(എ)യും (ബി)യും** 06-02-2013 തീയതിയിലെ 2717/എ 2/12/പാ.കാ.വ നം സർക്കുലർ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാസാമാജികർക്ക് യഥാസമയം എത്തിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ സർക്കാർ പോർട്ടലായ www.kerala.gov.in/go's/circulars/notifications- ൽ ഇപ്പോൾ തന്നെ ലഭ്യമാണ്. 21-11-2011 ലെ 77369/സി.ഡി.എൻ.4/11/പൊ.ഭ.വ നം സർക്കുലർ, 11-06-2012 ലെ സ.ഉ.(എം.എസ്) നം.142/12/പൊ.ഭ.വ നം ഉത്തരവ് എന്നിവ പ്രകാരം നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ മാരെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ